പുസ്തകക്കമ്മിറ്റി

*൭൯. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൭-ലെ സ്കൂൾ വർഷത്തിലേക്കാവശ്യമായ പാഠപുസ്തകങ്ങൾ തെരഞ്ഞെടുത്ത പാഠ്യപുസ്തകക്കമ്മിറ്റി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അടുത്ത വർഷത്തേയ്ക്ക് പുതിയ പാഠ്യപുസ്തകക്കമ്മിറ്റി നിയമിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) നിയമിച്ചു കഴിഞ്ഞിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: പുതിയ പാഠ്യപുസ്തകക്കമ്മിറ്റിയെ നിയമിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ലല്ലോ.

പാഠ്യപുസ്തകങ്ങൾ

*൭൫. (൫) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ സ്കൂൾവർഷം സമാരംഭിച്ച ഘട്ടത്തിൽ പാഠ്യപുസ്തകങ്ങൾ അച്ചടിച്ചു വില്പനയ്ക്ക് തയാറായില്ല എന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത വർഷത്തിലെങ്കിലും പരാതി ഉണ്ടാകാതിരിക്കത്തക്കവിധം എന്തെങ്കിലും നടപടി എടുക്കുന്നുണ്ടോ;

(സി) എന്തു നടപടിയാണ് അതിലേക്ക് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അങ്ങനെ ചില പരാതികൾ ഉണ്ടായിട്ടുണ്ട്.

(ബി) കഴിഞ്ഞ സ്കൂൾ വർഷത്തിൽ തന്നെ പാഠപുസ്തകങ്ങളുടെ അച്ചടിയിലും വില്പനയിലും താമസം നേരിടാതിരിക്കാൻ വേണ്ട എല്ലാ നടപടികളും എടുത്തിട്ടുണ്ടായിരുന്നു. പരാതികൾ ഏറെക്കുറെ അടിസ്ഥാനരഹിതമായിരുന്നു. വേണ്ട നടപടികൾ അടുത്തവർഷവും തുടരുന്നതാണെന്ന ഞാൻ വിശ്വസിക്കുന്നു.

(സി) പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ചു വില്പനക്ക് തയാറാക്കുന്നതിനു പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. സി. വി. ഐപ്പ്: കഴിഞ്ഞകൊല്ലത്തെ പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിനു യോഗ്യതയില്ലാത്തവയാണെന്ന പത്രങ്ങളിൽ വായിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: യോഗ്യത കൂടുതലായിപ്പോയി എന്നൊരു അഭിപ്രായം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly